# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

**For online Circulation** **Vol. 1 Issue 3** **April 2008**

## അത്ഭുതങ്ങൾ

2000 വർഷങ്ങൾക്ക് മുമ്പ് ഗലീലയിലെ നസ്രയെത്തിൽ നിന്നുള്ള യേശ കഫർന്നഹൂമിൽ പത്രോസെന്ന മുക്കവന്റെ വീട്ടിലേക്ക് വന്നു. വാർത്തകേട്ടറിഞ്ഞവർ കൂട്ടംകൂട്ടമായി അവന്റെ അടുക്കൽ എത്തി. അവൻ വാക്കു കൊണ്ട് ദുരാത്മാക്കളെ പുറത്താക്കി, സകലദീനക്കാർക്കും സൗഖ്യം വരുത്തി. അവൻ നമ്മുടെ ബലഹീനതകളെ ചുമന്നു എന്ന് പ്രവാചകനായ യെശയ്യാവ് പറഞ്ഞതിന്റെ നിവർത്തിയായിരുന്നു അത്. (മത്തായി 8 : 16,17). കഫർന്നഹൂമിൽ മാത്രമല്ല യേശു ചെന്നിടത്തൊക്കെ, ഗലീലയിലും, ശമര്യായിലും, യെഹൂദിയായിലും എല്ലാം ഇത് തന്നെ നടന്നു.

ഇന്നും യേശു ചെല്ലുന്നിടത്തൊക്കെയും ഈ അത്ഭുതങ്ങളും അടയാളങ്ങളും നടക്കും, നടക്കണം. ഇന്ന് ഇത്തരം വീര്യപ്രവർത്തികൾ നടക്കുന്നുണ്ടോ? വളരെ വിമർശനങ്ങളുള്ള ഒരു വിഷയമാണിത്. എല്ലാ വാദങ്ങൾക്കും ന്യായാന്യായങ്ങൾ നിരത്തുവാൻ സ്ഥലപരിമിതിയുണ്ട്. എന്നാൽ അടിയന്താര ശ്രദ്ധവേണ്ട ചിലത് മാത്രം വചനാടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടട്ടെ.

അത്ഭുത രേഗസൗഖ്യവും വീര്യപ്രവർത്തികളും ഇന്നും നടക്കുന്നുണ്ടോ?

എന്താണ് സംശയം? യേശു ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നു എന്നതിന് സംശയമൊന്നുമില്ലല്ലൊ. അങ്ങനെയെങ്കിൽ രണ്ടായിരം വർഷം മുമ്പ് മാത്രമല്ല ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും യേശുവിന്റെ സാന്നിദ്ധ്യമുള്ള എല്ലായിടങ്ങളിലും ഇവയെല്ലാം നടക്കും. എന്നാൽ ഏറ്റവും ദുഃഖകരമായ സംഗതി എവിടെയെങ്കലും വ്യക്തമായ ദൈവ പ്രവർത്തി വെളിപ്പെട്ടാൽ അത് ദൈവപ്രവർത്തിയല്ല എന്ന് തെളിയിക്കുവാനാണ് ആത്മീകർ എന്ന് അവകാശപ്പെടുന്നവരുടെ പോലും ശ്രമം.

എന്താണ് അത്ഭുതങ്ങളുടെയും ലക്ഷ്യം?

യേശു തന്റെ അടുക്കൽ വന്ന രേഗികളെ സൗഖ്യമാക്കി നിരവധി വീര്യപ്രവർത്തികൾ ചെയ്തു മരിച്ചവരെ പോലും ഉയർത്തെഴുന്നേൽപ്പിച്ചു. എന്നാൽ ഇതൊന്നും തന്റെ ശക്തി തെളിയിക്കേണ്ടതിനും താൻ ആരാണെന്ന് തെളിയിക്കേണ്ടതിനും ആയിരുന്നില്ല. മറിച്ച് തന്റെ അടുക്കൽ വന്നവരുടെ കണ്ണീരൊപ്പുവാൻ വേണ്ടിയായിരുന്നു അതെല്ലാം ചെയ്തത്. എല്ലാ ക്രൈസ്തവ ശുശ്രൂകരുടെയും ലക്ഷ്യം അതായിരിക്കണം. സ്വന്തം മഹത്വത്തിനൊ തന്നത്താൻ ഉയർത്തുന്നതിനു വേണ്ടിയൊ വീര്യപ്രവർത്തകൾ നടക്കണമെന്ന് ആഗ്രഹിക്കരുത്. ലക്ഷ്യം ജനത്തിന്റെ പ്രശ്നപരിഹാരമായിരിക്കണം. മഹത്വം യേശുവിനു മാത്രമയിരിക്കണം

വചനം പ്രസംഗിക്ക, യേശുവിനെയും അവന്റെ ക്രൂശിനേയും ഉയർത്തുക

ഇക്കാലങ്ങളിൽ വളരെ പ്രബലമായിക്കണ്ടുവരുന്ന ഒരു പ്രവണത ഏത് ചെറിയ കൂട്ടത്തിനും അകമ്പടിയായി വൻവീര്യപ്രവർത്തി നടക്കുന്നു എന്ന് വ്യജമായി പ്രചരിപ്പിക്കുകയും വ്യക്തികളെ വരപ്രാപ്തരെന്നും രോഗശാന്തിവിദഗ്ധരെന്നും ഉയർത്തിക്കാട്ടുകയും ചെയ്യുന്നതാണ്. യഥാർത്ഥത്തിൽ ഇവിടെയൊന്നു ഒന്നും നടക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അത്ഭുതങ്ങൾ നടക്കുന്നിടത്ത് ആള് കൂടുമെന്നതിന് സംശയമില്ല. അതുകൊണ്ട് തന്നെ ആൾക്കൂട്ടമൊ അവിടെ ഉണ്ടന്നു പറയുന്ന വീര്യപ്രത്തികളൊ ഒരു കൂട്ടമൊ പ്രസ്ഥാനമൊ ദൈവത്താലുള്ളതെന്ന് ഉറപ്പാക്കുവാൻ മതിയായ കാരണങ്ങളല്ല. ദൈവവചനപ്രകാരം വചനത്തെ ഉറപ്പിക്കലാണ് പിൻതുടരുന്ന എല്ലാ വീര്യപ്രവർത്തികളുടെയും ഉദ്ദേശം. അങ്ങനെയെങ്കിൽ വചനം പ്രസംഗിക്കുന്നിടത്ത് യേശുവിനെയും അവന്റെ ക്രൂശിനേയും ഉയർത്തുന്നിടത്ത് രോഗസൗഖ്യവും വിടുതലുകളും നടന്നുകൊള്ളും.

യേശു ക്രിസ്തു ഇന്നും നമുക്കായി ജീവിക്കുന്നു. അവന്റെ വചന നമുക്കുറപ്പുതരുന്നു സകലതും ഇന്നും, ഇക്കലത്തും പ്രാവർത്തികമാണ്. ദൈവവചനത്തിന്റെ അടിസ്ഥാന പ്രമാണത്തിനും ലക്ഷ്യത്തിനും എതിരില്ലത്ത എത് അത്ഭുതവും മുൻവിധികൂടാതെ വിമർശനബുദ്ധികൂടാതെ നമുക്ക് സ്വീകരിക്കാം. വചനത്തിന്റെ ഉരകല്ലിൽ അവ തെളിയിക്കപ്പെടണമെന്ന് മാത്രം

## ദേവാലയത്തിന് വിഗ്രഹങ്ങളോട് എന്ത് സംബന്ധം

വേദപുസ്തകം ഏറ്റവും എതിർക്കുന്ന, ദൈവം ഏറ്റവും വെറുക്കുന്ന പാപങ്ങളിലൊന്നാണ് വിഗ്രഹാരാധന. എന്നാൽ ക്രിസ്തീയ പേരുകളുള്ള പള്ളികളിൽ നല്ലൊരു പങ്കും വിഗ്രഹങ്ങൾക്കും അവയുടെ പിന്നിലുള്ള ശക്തികൾക്കും തീറെഴുതി കൊടുത്തിരിക്കുയാണ്. ഹൈന്ദവ ക്ഷേത്രങ്ങളിൽ മുഖ്യപ്രതിഷ്ഠയുണ്ടെന്നുള്ളതുപോലെ പല പള്ളികളും പുണ്യവാളന്മാരുടെ വകയാണ്. ഈ പുണ്യവാളന്മാരുടെ കൂടെ ഉപപ്രതിഷ്ഠകൾ പോലെ വെച്ചരിക്കുന്ന ശേുവെന്നും മറിയമെന്നും വിളിക്കുന്ന കുട്ടിപ്രതിഷ്ഠകളും ഉണ്ടാകാം. ഈ യേശു ബൈബിളിൽ പറയുന്ന യേശുവല്ല. പൌലോസ് പറയുന്നതു പോലെ മറ്റൊരു യേശുവാണെന്നുള്ളത് അവർ സൗകര്യ പൂർവ്വം മറക്കുന്നതു പോലെ.

അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല എന്നു പറഞ്ഞ സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊല്ലുകയാണ് ചെയ്തത്. അങ്ങനെ ക്രിസ്തീയ സഭയുടെ ആദ്യ രക്തസാക്ഷി തന്നെ മരണം സ്വീകരിച്ചത് ഈ വലിയ യാഥാർത്ഥ്യം വിളിച്ചുപറഞ്ഞുകൊണ്ടാണ്. എന്നാൽ വി. സ്തെഫാനൊസിന്റെ പേരിൽ പള്ളികളും, വിഗ്രഹവണക്കവും, തരുനാളും പെടിപൊടിക്കുകയാണ്. സ്തെഫാനൊസ് മാത്രമല്ല വേദപുസ്തകത്തിൽ പേരുള്ളതും ഇല്ലാത്തതുമായ ഒത്തിരി പ്ളാസ്റ്റർ ഒഫ് പാരീസ് പ്രതിമകൾ പള്ളികളിൽ നിറഞ്ഞു കഴിഞ്ഞു.

പഴയ നിയമത്തിലെ ഏലിയാവിന്റെ പേരിൽ പോലും കേരളത്തിൽ പള്ളിയുണ്ട്. ഏലിയാവിന്റെ പള്ളിയിൽ നിന്ന് വന്ന പുണ്യവാളൻ കഴിഞ്ഞയിടക്ക് ഒരു ഭൂതബാധിത വ്യക്തിയിൽ നന്ന് യേശുവിന്റെ നാമത്തിന് മുമ്പിൽ വിട്ടു പോകുന്നത് കണ്ടു. ദൈവചന വിരുദ്ധമായി ഉണ്ടാക്കി വണങ്ങുന്ന എല്ലാ രൂപങ്ങളിലും കുടികൊള്ളുന്നത് സത്താന്റെ പരിവാരങ്ങളാണെന്നുള്ള കാര്യം ജനം മനസ്സിലാക്കണം. നിങ്ങൾ കുമ്പിടുമ്പോഴും, തെട്ട് വണങ്ങുമ്പോഴും ആ ആരാധന സ്വീകരിക്കുന്നത് വേദപുസ്തകത്തിലെ ദൈവമല്ല, ഇങ്ങനെയുള്ള കൂട്ടി ഭൂതങ്ങളാണ്.

ആകാശത്തിന്റെ കീഴിൽ ഭൂമിക്ക് മീതെ യാതൊന്നിന്റെവും രൂപം ഉണ്ടാക്കുകയും അതിനെ നമസ്കരിക്കുകയും ചെയ്യരുതെന്ന് അരുളിചെയ്ത ദൈവം ഇത് കണ്ട് നിശബ്ദനായിരിക്കുമെന്ന് പ്രതീക്ഷിക്കരുത്. പുണ്യവാളന്മാരുടെ പേരിൽ പള്ളികളുണ്ടാക്കി, പ്രതിമകളുണ്ടാക്കി അവയുടെ പ്രചരണത്തിന് എല്ല കള്ളക്കഥകളും മെനഞ്ഞ് നടക്കുന്ന ഇടയന്മാരെ നിങ്ങൾ ന്യയവിധിയുടെ ദിവസത്തെ മറന്നു പോകുന്നുവൊ.

ആടുകൾ നല്ലയിടന്റെ ശബ്ദം കേൾക്കണം. ദൈവവചനത്തിന് വിരുദ്ധമായ, ഈശോയ്ക്ക് ഏറ്റവും വെറുപ്പായ വിഗ്രഹാരാധന വട്ടൊടണം. ദൈവം ഏറ്റവും വെറുക്കു പാപമാണ് വിഗ്രഹാരാധന. ഇനിയെങ്കിലും സത്യം മനസ്സിലാക്കി മടങ്ങിവരുവാൻ ക്രൈസ്തവ സഹോദരങ്ങൾ തയ്യാറാകണം. അല്ലായെങ്കിൽ നിങ്ങൾ വണങ്ങിയ ഒരു പ്ളാസ്റ്റർ ഓഫ് പാരീസ് പുണ്യവാളനും അത്യുന്നതന്റെ ന്യായവിധിയിൽ നിന്നും നിങ്ങളെ വിടുവിക്കുവാൻ കഴികയില്ല. കബളിപ്പിക്കപ്പെടരുത്.

# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

We cordially welcome your valuable comments and feedback
WEBSITE : http://www.back2bible.com
EMAIL : editor@back2bible.com

For online Circulation | Vol. 1 Issue 3 | April. 2008


## നിയൊ പെന്തക്കൊസ്ത് പ്രസ്ഥാനങ്ങൾ

**എഡിറ്റോറിയൽ**

കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ പെന്തക്കൊസ്തൽ മൂവ്മെന്റ് ഒരു കൊടുങ്കാറ്റു പോലെ വൻകരകളെ കീഴടക്കുന്ന കാഴ്ച്ചയാണ് കണ്ടത്. വചനത്തിൽ നിന്നും ദൂരേക്ക് പോയ ക്രൈസ്തവ സമൂഹത്തെ അതിന്റെ ആദിമ വിശ്വാസത്തിലേക്കും സമർപ്പണത്തിലേക്കും മടക്കിവരുത്തുവാൻ അവർ വഹിച്ച പങ്ക് അനുപമമാണ്. കാര്യങ്ങളിങ്ങനെയൊക്കെയെങ്കിലും ആധുനിക പെന്തക്കൊസ്തിനെ പ്രതിനിധാനം ചെയ്യുന്ന അതിന്റെ നല്ലൊരു പങ്ക് നേതൃത്വത്തിനും ദിശതെറ്റിയൊ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. ആശയപരമായ ഒരു പ്രതിസന്ധിയല്ല പെന്തക്കൊസ്ത് നേരിടുന്നത്. ഒരുതരം കച്ചവടവത്ക്കരണം അതിന്റെ എല്ലാ മേഖലയെയും ബാധിച്ചിരിക്കുന്നു. അത്യാഗ്രഹം സകലവിധ ദോഷത്തിനും കാരണം എന്ന് പുസ്തകം പഠിപ്പിച്ചത് മറന്നുപോയതുപോലെ. യേശുവിന്റെ പിന്നാലെയിറങ്ങിയവർ മാമോന്റെ ദാസന്മാരയതിന്റെ ഗതികേട് അല്ലാതെന്ത്? പണം കൊടുത്താൽ സഭകൾ വിലയ്ക്ക് വാങ്ങാം, ശുശ്രൂഷകൾ വിലയ്ക്ക് വാങ്ങാം, ശുശ്രൂഷകന്മാരെ വിലയ്ക്ക് വാങ്ങാം, ഏത് കുറ്റിച്ചൂലിനും അപ്പൊസ്തലനാകാം എന്നെത്തിയിരിക്കുന്നു കാര്യങ്ങൾ. പൊതുജനത്തെ കഴുതകളെന്ന് വിളിക്കാറുണ്ടെങ്കിലും അവർ നിരാശരാണ്.

മുഖ്യധാരാ പെന്തക്കൊസ്തൽ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം തെറ്റിയതാണ് നിയൊ പെന്തക്കൊസ്തൽ അല്ലെങ്കിൽ ന്യൂ ജനറേഷൻ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് കാരണം. എന്നാൽ അവരും ശരിയായ ദിശയിലെക്കല്ല പോകുന്നത് എന്നതാണ് സങ്കടം. അതിന്റെ സാരഥികൾക്ക് വചനത്തിൽ വേണ്ട അറിവില്ലാത്തതുകൊണ്ട് അപക്വമായ വ്യഖ്യാനങ്ങൾ അപകടം വിളിച്ചുവരുത്തുന്നു. ദൈവവചനത്തിൽ അടിയുറച്ച പഠനസമ്പ്രദായങ്ങളും പുതിയനിയമസഭയുടെ പ്രവർത്തങ്ങളും ഏകോപിച്ചുള്ള ഒരു മടങ്ങിവരവ് ഇന്നിന്റെ ആവശ്യമാണ്.

---

As the new Maoists Government in Nepal want to regulate the open border and travel between India we think this topic is relevant.
Taken from 'The Ethics of Smuggling' By Brother Andrew

## Prayer for the Right Question

If I had my car loaded with Bibles as I arrive at the Russian border and they ask, 'Do you have any Bible?' I'll just beam at them and smile and say, 'Yes, a lot!' Sure, I'll tell them; but I pray hard before I go that they won't ask me that question but others instead. Or I pray that I may be able to distract their thoughts and attention. It is remarkable how the Lord just arranges for 'little' things to happen at the border.

One of our teams went to Bulgaria with a load of Bibles in a huge pick-up van. Since it was summer and we travel just like other tourists- which we are, because we enjoy the sunshine and scenery and swimming and all the rest - that group had an inflatable canoe with them which I had bought and often have with me when I take a trip there. They had been lazy that day; after canoeing somewhere in Yugoslavia, they didn't bother to let the air out. So they squeezed the whole thing into the car and drove off to the Bulgarian border with 700 Bibles in the Van.

At the border they gave their papers to one of the officers while another, blissfully innocent, went to the rear of the van and opened the door.

Pang! The canoe shot out of the door right on his head! He stood there for a moment, dizzy. Our boys were very helpful, they ran to him and together they pushed the canoe back into the car, locked the door- and that was the end of the inspection.

Well, you could never arrange it that way or do it a second time. It just happens. He could have asked them to open the door and the canoe would have hit them. But he didn't ask; he just opened it himself!

Another team went to Czechoslovakia with Bibles. Just before reached the border, they stopped for a last prayer meeting before crossing. Being Dutch boys, they made themselves a cup of coffee and opened a tin of milk. But, also because they were boys, they forgot to put it away properly, leaving the open tin on a box that was party filled with Bibles, partly with tools.

While they were in the office at the border crossing having their papers checked, one of the officers opened that big van and got inside to check up on the luggage. Somehow he knocked over that tin of condensed milk and spilled some on the floor. He set it straight, jumped out of the vehicle and ran to his office, got a cloth and ran back and began to wipe it up. He apologized profusely and was ever so sorry - and there was no more checking up whatsoever! A tin of milk did that. It's always something small that God uses in a big way.

## ചോദിക്കു...പറയാം.....

ചോദ്യം : ആരാണ് വേദപുസ്തകത്തിന്റെ എഴുത്തുകാരൻ?

ഉത്തരം: നല്പ്പത്തിനാലിൽ പരം ആളുകൾ വേദപുസ്തകത്തിന്റെ എഴുത്തകാരായി ദൈവം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ എല്ലാ എഴുത്തുകാരേയും കോർത്തിണക്കിയ ശക്തി, അല്ലെങ്കിൽ അവരെക്കൊണ്ട് എഴുതിച്ചത് പരിശുദ്ധാത്മാവായിരുന്നു. 2 തിമൊ. 3 : 16 എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമെന്ന് പ്രഖ്യാപിക്കുന്നു. ദൈവശ്വാസിയതയ്ക്ക് റവ. എം. വി. ചാക്കോ കൊടുത്തിരിക്കുന്ന നിർവ്വചനം ശ്രദ്ധിക്കുക. “തിരുവചനം ഒന്നും മനുഷ്യന്റെ സ്വയമായ വ്യാഖ്യാനത്താൽ ഉളവായതല്ല, ദൈവത്തിൽ നിന്നുള്ള വെളിപ്പാടാണ്. ദൈവത്തിന്റെ മനുഷ്യർ ദൈവാത്മനിയോഗം പ്രാപിച്ച് അവ രേഖപ്പെടുത്തി ആധികാരികമായ ഒന്നും വിട്ടുകളായാതെ അനധികൃതമായ ഒന്നും ചേർക്കാതെ അവയെ രേഖപ്പെടുത്തുന്ന ദൈവീകവ്യാപാരശക്തിയാണ് ദൈവശ്വാസിയത എന്നു പറയുന്നത്.” (Systematic Theology, page : 34)

ദൈവശ്വസിയത എന്നതിന് ഇംഗ്ലീഷിൽ inspiration എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ഇതരകൃതികൾ എഴുതിയ സാഹിത്യകാരന്മാർക്ക് ലഭിച്ച പ്രചോദനം പോലെ ഒന്നല്ല. മിറച്ച് ദൈവം തന്റെ വചനം എഴുത്തുകാരിലേക്ക് ശ്വസിക്കുകയായിരുന്നു എന്ന് മനസ്സിലാക്കണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ സത്യവേദത്തിന്റെ എഴുത്തുകാരായ വിശുദ്ധ പ്രവാചകന്മാർ ദൈവാത്മാവിന്റെ സ്വാധീനത്തിലും നിയന്ത്രണത്തിലും ദൈവത്തിന് അവരെക്കൊണ്ട് എന്തെഴുതിക്കണമായിരുന്നുവൊ അത് എഴുതിക്കുകയായിരുന്നു. അവരുടെതായ ശൈലി നിലനർത്തുമ്പോൾത്തന്നെ വാക്കുകളുടെ തെഞ്ഞെടുപ്പിൽ പോലും ദൈവാത്മാവിന്റെ വഴികാട്ടൽ ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ ചരിത്രപരമായ, ഭൂമിശാസ്ത്രപരമായ, ശാസ്ത്രീയമായ തെറ്റുകൾ വരാതെ അവർ സംരക്ഷിക്കപ്പെട്ടു. അവരെഴുതിയ തിരുവചന ഭാഗങ്ങളിൽ അപ്രമാദിത്വം കല്പ്പിക്കപ്പെട്ടിരുന്നു. എഴുത്തുകാർ സംഭവങ്ങളുടെ നേർ സാക്ഷികളാകാം, മറ്റുള്ളവർപ്പറഞ്ഞതൊ ഇതര രേഖകളിൽ നിന്നൊ ലഭിച്ച വിവരങ്ങളൊ ആകാം എഴുതിയത്. എന്നാൽ അവർ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടതു കൊണ്ട് തെറ്റു പറ്റാതെ ആത്യന്തികമായ സത്യം നമുക്കായി തരുവാൻ ദൈവം ഈ എഴുത്തുകാരെ ഉപയോഗിച്ചു. സി. എസ്. ലൂയീസ് എഴുതിയതുപോലെ അക്ഷരം പഠിക്കുന്ന കൊച്ചുകുഞ്ഞിനെ കരം പിടിച്ചെഴുതിക്കുന്നതു പോലെ അബലനും പരിമതിയുള്ളവനുമായ സാധാരണ മനുഷ്യരുടെ കരം പിടിച്ച പരിശുദ്ധാത്മാവ് എഴുതിക്കുകയായിരുന്നു. (C. S. Lewis in Mere Christianity)

തിരുവചനത്തിലെ കാവൽ വാക്യങ്ങൾ എന്നറിയപ്പെടുന്ന ആവ. 5 : 22, യോശു. 1 : 7,8, സങ്കീ. 119 : 89, സദൃ. 30 : 5, മത്താ. 5 : 18, 2 തിമൊ. 3 : 16, വെളി. 22 : 18,19 ഈ വാക്യങ്ങൾ നന്നായി വായിച്ച് പഠിക്കുമ്പോൾ ദൈവവചനത്തിന്റെ ആധികാരികത വ്യക്തമാകും. 2 പത്രൊ. 1 : 20,21 ൽ അപ്പൊസ്തലൻ പറയുന്നത് തിരുവചനം സ്വയമായ വ്യഖ്യാനത്താൽ വന്നതല്ല ദൈവകല്പ്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് വന്നതത്രെ എന്നാണ്. യെശയ്യാവ് 34 : 16 അനുസരിച്ച് ദൈവത്തിന്റെ വചനത്തെ കൂട്ടച്ചേർത്തതിൽ പോലും ആത്മനിയോഗമുണ്ടായിരുന്നു.

പഴയനിയമ ഭാഗങ്ങളെ അപ്പൊസ്തലന്മാർ ദൈവവചനം എന്നനിലയിൽ പൂർണ്ണ ഗൗരവത്തോടെയാണ് സമീപിച്ചിരുന്നത്. നമ്മുടെ കർത്താവായ യേശു ക്രിസ്തു തന്നെ തന്റെ പരസ്യ ശുശ്രൂഷയിൽ പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കുക മാത്രമല്ല അതിന്റെ ആധികാരികതയെ ഊന്നിപ്പറയുകകൂടി ചെയ്തിട്ടുണ്ട്. (മത്തായി 5 : 18, യോഹന്നാൻ 10 : 35). ചുരുക്കപ്പറഞ്ഞാൽ പഴയനിമത്തിന്റെ ദൈവശ്വാസിയതയ്ക്ക് അത്ര ബലമുള്ള അടിത്തറയുണ്ട്. അപ്പോൾ പുതിയ നിയമത്തിന്റെ കാര്യമോ? പുതിയനിയമ എഴുത്തുകാർക്ക് പഴയനിയമ എഴുത്തുകാരെപ്പോലെ തന്നെ ദൈവശ്വാസിയത ഉണ്ടെന്നുള്ളത് വ്യക്തമാണ്. യേശു യോഹന്നാൻ സ്നപകനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക 'സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല എന്നാൽ സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവനായിരക്കും' അങ്ങനെയെങ്കിൽ എല്ലാ പഴയനിയമ പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠനായിരുന്ന യോഹന്നാനെക്കാൾ വലിയ പ്രവാചകരാണ് പുതിയനിയമത്തിന്റെ എഴുത്തുകാർ. പൗലോസ് തന്റെ വചനങ്ങളുടെ ആധികാരികത തന്റെ എഴുത്തികളിൽ വ്യക്തമാക്കിയിട്ടുണ്ട്. ( 1 കൊരി. 14 : 37) 1 കൊരി. 11 : 23 'ഞാൻ കർത്താവിൽ നിന്ന് പ്രാപിച്ചത്' എന്നാണ് പൗലൊസ് പറഞ്ഞുതുടങ്ങുന്നത്.

പത്രൊസ് പൗലോസിന്റെ ലേഖനങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ (2 പത്രൊ. 3 : 16) അവയ്ക്ക് മറ്റ് തിരിവെഴുത്തുകൾക്ക് തുല്യമായ സ്ഥാനമാണ് കൊടുക്കുന്നത്. ധാരളം തെളുവുകൾ നിരത്തുവാൻ കഴിയുമെങ്കിലും ബൈബിൾ ദൈവവചനമെന്ന് എന്റെ വായനക്കാർക്ക് സംശയരഹിതമെന്ന്യ ബോദ്ധ്യമായെന്ന് കരുതുന്നു. അതുകൊണ്ട് സംശയമില്ലാതെ നമുക്ക് വിളിച്ചുപറയാം ബൈബിൾ ദൈവവചനമായി എന്നല്ല ബൈബിൾ ദൈവവചനം തന്നെയാണ്. അതെ ബൈബിൾ മാത്രമാണ് ദൈവവചനം.